ഉത്തരം

(എ) രജിസ്റ്റർ ചെയ്തും അല്ലാതെയും പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ ഉള്ളതിനാൽ സംഘടനകളുടെ എണ്ണം കൃത്യമായി സർക്കാരിന് ലഭ്യമല്ല. കഴിഞ്ഞ സാമ്പത്തികവർഷംവരെ ഇത്തരം സന്നദ്ധ സംഘടനകൾക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ മുഖേനയും ജില്ലാ കളക്ടർമാർ മുഖേനയും അർഹതയുടെയും പ്രവർത്തനമികവിന്റെയും അടിസ്ഥാനത്തിൽ സാമ്പത്തികസഹായം നൽകിയിരുന്നു. ഈ വർഷം മദ്യത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികൾക്കായി 14 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി, മദ്യവിരുദ്ധ പ്രചാരണ രംഗത്തുള്ള സന്നദ്ധ സംഘടനകളെ ധനസഹായത്തിലൂടെയും മറ്റും പ്രോൽസാഹിപ്പിക്കുന്നു. കുടുംബശ്രീ യൂണിറ്റുകളിലും സ്കൂൾതലത്തിലും മദ്യവിരുദ്ധ ബോധവൽക്കരണം വ്യാപിപ്പിക്കുന്നതിനായി ബഹു. എക്സൈസ് വകുപ്പുമന്ത്രി ചെയർമാനായി ഒരു സംസ്ഥാന ഉപദേശക സമിതിയും ജില്ലാതല കമ്മിറ്റികളും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

വ്യാജ മദ്യനിർമ്മാണവും വിപണനവും കണ്ടെത്തി നശിപ്പിക്കുന്നതിന് എല്ലാ ജില്ലാതല എക്സൈസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കുന്നതിലെ സർക്കാർ നിലപാട്

61 [998] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 വർഷത്തിൽ സംസ്ഥാനത്ത് എത്ര കള്ളുഷാപ്പുകൾക്ക് ലൈസൻസ് നൽകി എന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ലൈസൻസിന് പോകാത്ത അംഗീകൃത കള്ളുഷാപ്പുകൾ ഉണ്ടെങ്കിൽ ജില്ല/റേഞ്ച് അടിസ്ഥാനത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ലൈസൻസിന് പോയിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) ലൈസൻസിന് പോകാത്ത ഷാപ്പുകൾ തുടർന്ന് നടത്താൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) ഷാപ്പുകൾ ലൈസൻസിന് പോകാത്തതുകാരണം കള്ളുവ്യവസായത്തിൽ എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിർത്തലാക്കിയ 610 കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005-2006 വർഷത്തിൽ ആകെ 4355 കള്ളുഷാപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു:

തിരുവനന്തപുരം	116
കൊല്ലം	238
പത്തനംതിട്ട	116
ആലപ്പുഴ	438
കോട്ടയം	452
ഇടുക്കി	159
എറണാകുളം	641
തൃശ്ശൂർ	710
പാലക്കാട്	609
കോഴിക്കോട്	180
വയനാട്	50
മലപ്പുറം	206
കണ്ണൂർ	309
കാസർഗോഡ്	131
ആകെ	4355

(ബി) ലൈസൻസിന് പോകാത്ത 7 കള്ളുഷാപ്പുകളുടെ വിവരം താഴെ കൊടുക്കുന്നു:

ജില്ല	താലൂക്ക്	ഷാപ്പുകളുടെ എണ്ണം
പത്തനംതിട്ട	തിരുവല്ല	1
ഇടുക്കി	പീരുമേട്	4
പാലക്കാട്	ചെർപ്പുളശ്ശേരി	2
	ആകെ	7

LIBRARY ARCHIVES Kerala Legislative Assembly

(സി) & (ഡി) പത്തനംതിട്ട ജില്ലയിലെ ഒരു ഷാപ്പും പാലക്കാട് ജില്ലയിലെ രണ്ട് ഷാപ്പും കോടതി സ്റ്റേമൂലമാണ് വില്പനയിൽ വയ്ക്കാൻ കഴിയാതെ പോയത്. ഇടുക്കി ജില്ലയിലെ നാലു ഷാപ്പുകൾ വില്പനയ്ക്ക് വച്ചിട്ട് ആരും ഏറ്റെടുത്തില്ല. ഇവ തുടർന്ന് നടത്താൻ വേണ്ട നടപടികളെക്കുറിച്ച് സർക്കാർ ആലോചിച്ചുവരികയാണ്. കോടതി സ്റ്റേ ഉത്തരവുകൾ നീക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല. ഷാപ്പുകൾ വില്പനയിൽ പോകുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.

(എഫ്) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഷാപ്പുകൾ നിർത്തലാക്കിയത്. ഇവ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

ബിവറേജസ് കോർപ്പറേഷന്റെ ജീവനക്കാരുടെ നിയമനരീതി

62 [999] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്ഥിരം ജീവനക്കാരെത്ര;

(സി) ഡെപ്യൂട്ടേഷൻവഴി നിയമനം എത്ര;

(ഡി) ദിവസക്കൂലി/കരാർ നിയമനം എത്ര;

(ഇ) പഴയ മദ്യഷോപ്പുകളിൽ ജോലി ചെയ്തിരുന്നവരിൽ പുനർനിയമനം ലഭിച്ചവരെത്ര;

(എഫ്) സ്ഥിരം ജീവനക്കാരുടെ നിയമനരീതി എപ്രകാരമാണ്; സ്ഥിരം നിയമനത്തിനായി എന്തെങ്കിലും വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2674 പേർ.

(ബി) 332 പേർ.

LIBRARY ARCHIVES Kerala Legislative Assembly